**File No.: GE-DA2/62/2026-G.EDN**

"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് -ശ്രീ ജവാദ് എസ്, പ്രിൻസിപ്പൽ, ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസ്, ആറ്റിങ്ങൽ, തിരുവനന്തപുരം- സർവീസിൽ നിന്ന് സസ്പെന്റ് ചെയ്ത് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3622/2026/GEDN തീയതി,തിരുവനന്തപുരം, 29-05-2026

---

പരാമർശം:- 1. അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ് വിഭാഗം )-ന്റെ 25.05.2026 ലെ 394/2026/CAMP/SP(Tech.Int)/SSB നം കത്ത്

2. പൊതു വിദ്യാഭ്യാസ (ഹയർസെക്കന്ററി വിഭാഗം) ഡയറക്ടറുടെ 26.05.2026ലെ HSE/1581/2021-Ad D1 നം കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ ഗവ.മോഡൽ ബോയ്സ് എച്.എസ്.എസ് പ്രിൻസിപ്പൽ ആയി സേവനമനുഷ്ഠിയ്ക്കുന്ന ശ്രീ. ജവാദ് എസ് 'Javad Subair' എന്ന പേരിലുള്ള ടിയാന്റെ ഫേസ്ബുക്ക് അക്കൗണ്ടിലൂടെ ബഹു.കേരള മുഖ്യമന്ത്രിയുടെ ചിത്രവും ,പോസ്റ്ററും അപകീർത്തികരവും പരിഹാസപരവുമായി എഡിറ്റ് ചെയ്ത് പ്രചരിപ്പിച്ചതായും, ബഹു. മുഖ്യമന്ത്രിയെ അപമാനിക്കുന്ന തരത്തിലുള്ള ഉള്ളടക്കങ്ങൾ പങ്കുവെച്ചതായും, ഇത്തരത്തിലുള്ള പോസ്റ്റുകൾ പങ്കുവെച്ചത് സമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്നതിനും വിദ്യാർത്ഥികളിലും അധ്യാപകരിലും രാഷ്ട്രീയ ധ്രുവീകരണത്തിന് ഇടയാക്കുന്നതിനും സാധ്യത സൃഷ്ടിക്കുന്നതാണ് എന്നും, സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിച്ച് വ്യക്തികളെയും സർക്കാരിനെയും അപകീർത്തിപ്പെടുത്തുന്നത് ഗുരുതരമായ അച്ചടക്കലംഘനമായി കണക്കാക്കപ്പെടുന്നതും ബന്ധപ്പെട്ട ചട്ടങ്ങളുടെ ലംഘനവുമായതിനാൽ പ്രിൻസിപ്പൽ ശ്രീ. ജവാദ് സുബൈറിനെതിരെ കർശനമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഇന്റലിജൻസ് വിഭാഗം) ശുപാർശ ചെയ്തിരുന്നു. 31/05/2026 ൽ സർവീസിൽ നിന്നും വിരമിക്കുന്ന ശ്രീ. ജവാദ്.എസ് (പെൻ : 448390) -ന്റെ നടപടി 31/01/2017-ലെ 78/ഉപ.സി2/2017/ഉഭപവ നമ്പർ സർക്കുലറിന് വിരുദ്ധമായതിനാൽ ടിയാനെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുവാൻ പരാമർശം(2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ജവാദ് എസ് സർക്കാർ സേവനത്തിലുള്ള ഉദ്യോഗസ്ഥനായതിനാൽ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടപ്രകാരം പ്രവർത്തനങ്ങളിൽ രാഷ്ട്രീയ സ്വഭാവമുള്ള പൊതുവേദികളിലൂടെ പങ്കെടുക്കുന്നത് നിരോധിച്ചിട്ടുള്ളതാണ്.

3. മേൽ സാഹചര്യത്തിൽ ആറ്റിങ്ങൽ ഗവ. മോഡൽ ബോയ്സ് എച്.എസ്.എസ് പ്രിൻസിപ്പൽ ആയ ശ്രീ. ജവാദ് എസ്-ന്റെ നടപടി 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ ചട്ടം 60(എ)-യുടെ ലംഘനമായതിനാൽ ടിയാനെ ഉടൻ പ്രാബല്യത്തിൽ സർവീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ശ്രീ ജവാദ് എസ്-ന് സസ്പെൻഷൻ കാലയളവിൽ ചട്ടപ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

1.പൊതുവിദ്യാഭ്യാസ ഡയറക്ടർ,(ഹയർസെക്കൻഡറി വിഭാഗം), തിരുവനന്തപുരം
2. ആർ.ഡി.ഡി, തിരുവനന്തപുരം
3. ശ്രീ ജവാദ് എസ്, പ്രിൻസിപ്പൽ(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , കേരള, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
6.വെബ്(ന്യൂ മീഡിയ/കൈറ്റ്സ്)
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 29-05-2026 13:13:18
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എക്ക്